"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുസർവ്വീസ് രൂപീകരണം - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസ് - ശ്രീമതി രശ്മി വി.-യുടെ സേവനകാലാവധി ദീർഘിപ്പിച്ച നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2268/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 03.12.2020.**

പരാമർശം:
1) സ.ഉ.(സാധാ) നം.570/2018/തസ്വഭവ . തീയതി. 27.02.2018.
2) സ.ഉ.(സാധാ) നം.1809/2020/തസ്വഭവ . തീയതി. 01.10.2020.
3) സ.ഉ.(സാധാ) നം.1891/2020/ത.സ്വ.ഭ.വ, തീയതി 13.10.2020
4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.11.2020-ലെ എ(1)-4/2020 പി.ഡി-എൽ.എസ്.ജി.ഡി നമ്പർ കത്ത്

## ഉത്തരവ്

പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പരാമർശം (1) പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഇപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ശ്രീമതി രശ്മി വി.-യുടെ സേവനകാലാവധി മുൻകാല പ്രാബല്യത്തോടെ ദീർഘിപ്പിച്ച നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി രശ്മി. വി-യെ 3 മാസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ നടപടിക്ക് പരാമർശം (2) പ്രകാരം സാധൂകരണം നൽകി ഉത്തരവായിട്ടുള്ളതിനാലും. നിലവിൽ പ്രിൻസിപ്പൽ [illegible] സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ കാലാവധി 26/2/2021 വരെ ദീർഘിപ്പിച്ച നൽകി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതിനാലും. കൊച്ചിൻ കോർപ്പറേഷനിൽ നിന്നും പ്രവർത്തി ക്രമീകരണ വ്യവസ്ഥയിൽ തദ്ദേശസ്വംയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രശ്മി വി.-യുടെ സേവനകാലാവധി 27.02.2020 മുതൽ 26.02.2021 വരെ മുൻകാല പ്രാബല്യത്തോടെ ദീർഘിപ്പിച്ച നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നവീൻ കൃഷ്ണൻ ജി.ഐ.**
**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ